# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026.

## വിദ്യാലയത്തെ സംബന്ധിച്ച വിവരങ്ങൾ

പേര് - സി.എം.എസ്.എൽ.പി.എസ്, കൊഴുവല്ലൂർ
സ്ഥാപിതം - 1873
വിദ്യാഭ്യാസ ഉപജില്ല - ചെങ്ങന്നൂർ
വിദ്യാഭ്യാസ ജില്ല - മാവേലിക്കര
സ്കൂൾ കോഡ് - 36330
ബ്ലോക്ക് - ചെങ്ങന്നൂർ
താലൂക്ക് - ചെങ്ങന്നൂർ
ജില്ല - ആലപ്പുഴ
പഞ്ചായത്ത് - മുളക്കുഴ
അസംബ്ലി നിയോജകമണ്ഡലം - ചെങ്ങന്നൂർ
പാർലമെന്റ് നിയോജകമണ്ഡലം - മാവേലിക്കര
റൂറൽ/അർബൻ - റൂറൽ
വിഭാഗം - എൽ.പി. എയിഡഡ്
മാനേജ്മെന്റ് - സി.എം.എസ്. കോർപ്പറേറ്റ്
സ്കൂൾ മെയിൽ ഐ.ഡി. - cmslpskozhuvalloor1873@gmail.com.

## ആമുഖം.

1873 ൽ കൊഴുവല്ലൂരിൽ സ്ഥാപിതമായ ഈ വിദ്യാലയം ഈ നാട്ടിലെ ആദ്യത്തെ വിദ്യാലയമാണ്. സി.എം.എസ്. മിഷനറിമാരാൽ സ്ഥാപിതമായ ഈ വിദ്യാലയം നാടിന്റെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് കാരണമായിതീർന്നത്. അജ്ഞതയുടെ അന്ധകാരത്തെ വിജ്ഞാനത്തിന്റെ പൊൻപ്രഭയാൽ മായിച്ചുകളഞ്ഞ് ഈ നാടിന്റെ അക്ഷരവിപ്ലവത്തിന് തുടക്കം കുറിച്ച സി.എം.എസ് മിഷനറിമാരാൽ സ്ഥാപിതമായതാണ് കൊഴുവല്ലൂർ സി.എം.എസ് സ്കൂൾ.

## നിലവിലെ അവസ്ഥ.

നിലവിലുണ്ടായിരുന്ന സ്കൂളിന്റെ മേൽക്കൂര പൂർണ്ണമായും പൊളിച്ചുമാറ്റി, പുതിയരീതിയിൽ ക്രമീകരിച്ചു. ഓഫീസ് റൂം, നഴ്സറി, ഒന്ന്, രണ്ട് ക്ലാസ്സുകൾ ടൈൽ പാകി വൃത്തിയാക്കി. പഴയ വയറിംഗ് പൂർണ്ണമായും മാറ്റി പുതിയരീതിയിൽ ക്രമീകരിച്ചു. എല്ലാ ക്ലാസിലും, വൈറ്റ് ബോർഡ് സ്ഥാപിച്ചു. ബെഞ്ച്, ഡെസ്ക് എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്ത് പെയിന്റ് അടിച്ചു വൃത്തിയാക്കി. മോട്ടോർ പുര സ്ഥാപിച്ചു. സ്കൂൾ കെട്ടിടം പെയിന്റ് ചെയ്ത് ഭംഗിയാക്കി.

## ആവശ്യങ്ങൾ.

3, 4, ക്ലാസ്സുകളുടെ തറ ടൈൽ പാകി വൃത്തിയാക്കുക. ആധുനികരീതിയിലുള്ള ബാത്ത്റൂം, സൗകര്യം, പുതിയ ജനലുകൾ, കതകുകൾ മാറ്റിസ്ഥാപിക്കുക. Stage നമ്മുടെ സ്കൂളിന് ആവശ്യമാണ്. നല്ലവരായ നാട്ടുകാരുടെയും, പൂർവ്വവിദ്യാർത്ഥികളുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

## Kitchen - Cum - Store.

പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും നമ്മുടെ സ്കൂളിന് kitchen-cum-store നിർമ്മിക്കുന്നതിനായി 6 ലക്ഷം രൂപ അനുവദിച്ചു. പഴയ പാചകപ്പുര പൊളിച്ചു മാറ്റി മനോഹരമായ kitchen-cum-store നിർമ്മിക്കാൻ സാധിച്ചു.

## I.T. സാമഗ്രികളുടെ അവസ്ഥ.

ലാപ് ടോപ് – 3

പ്രൊജക്ടർ – 3

പഠനത്തിൽ I.T. സാധ്യതകൾ കൂടുതലായി ഉപയോഗിക്കുന്നു.

## നേട്ടങ്ങൾ.

ചെങ്ങന്നൂർ സബ്-ജില്ല ശാസ്ത്ര-ഗണിതശാസ്ത്ര പ്രവൃത്തിപരിചയ മേളയിൽ, പേപ്പർ ക്രാഫ്റ്റ്, നമ്പർചാർട്ട്, വെജിറ്റബിൾ പ്രിന്റിംഗ്, fabric paint, coconut shell waste meterials എന്നിവയിൽ മത്സരിച്ചു. സബ്ജില്ല തലം paper craft മത്സരത്തിന് നമ്മുടെ സ്കൂളിൽനിന്നും പങ്കെടുത്ത അനുഷ്കക്ക് 1st A grade ഉം coconut shell ൽ പങ്കെടുത്ത ഗോവിന്ദ് സജുവിന് IInd A grade ഉം ലഭിച്ചു. മറ്റു കുട്ടികൾക്ക് A, B എന്നീ grade കൾ കരസ്ഥമാക്കി. നമ്മുടെ സബ്ജില്ലയിൽ 68 സ്കൂളുകളിൽ നിന്നും 19-ാം സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. ഇത് വളരെ അഭിമാനകരമായ നേട്ടമാണ്.

## സാമൂഹികം

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു.

# അക്കാദമിക മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

- → ഭാഷാശേഷി വികസനം
- → ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
- → ഗണിതശേഷി വികസനം
- → വായനാശേഷി വർദ്ധിപ്പിക്കൽ
- → ലൈബ്രറി ശാക്തീകരണം
- → ജൈവ വൈവിദ്യ പാർക്ക് – ഒരുക്കൽ
- → LSS പരീക്ഷ - പരിശീലനം
- → അധ്യാപക ശാക്തീകരണം- സ്കൂൾ SRG വഴി
- → പ്രവൃത്തി പരിചയ - പരിശീലനം
- → കലാ പരിപോഷണം
- → പച്ചക്കറിത്തോട്ടം
- → ദിനാചരണങ്ങൾ -ശക്തിപ്പെടുത്തൽ
- → കായികശേഷി വികസനം
- → IT പഠനം - കാര്യക്ഷമമാക്കൽ
- → ക്ലാസ് PTA കാര്യക്ഷമമാക്കൽ

# പ്രവർത്തനം - വിശദാംശങ്ങൾ

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

### പ്രവർത്തനം 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികാസനം | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ. | |
| | 2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷ-ത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്ര-ട്ടറി, ക്ലാസ് ടീച്ചർ | |
| | 3. ആഴ്ചയിൽ a ദിവസം ഇംഗ്ലീഷ് അസംബ്ലി നടപ്പിലാക്കൽ - മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ a ദിവസം | ക്ലാസ് ടീച്ചർ | |

## ഉപമേഖല - ഇംഗ്ലീഷ്

### പ്രവർത്തനം - 2. ഇംഗ്ലീഷ് തിയേറ്റർ

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികാസനം | 1. പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |
| | 2. ഇംഗ്ലീഷ് ന്യൂസ് വായന. | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| • വായന പരിപോഷിപ്പിക്കൽ | • ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് ദിനപത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തൽ. | ആഴ്ചയിൽ ഒരു ദിവസം | • ക്ലാസ് ടീച്ചർ. | |
| • കുട്ടികളുടെ രചന സമാഹാരത്തിലേക്ക് | • കുട്ടികളുടെ രചനകൾ വിക്കിയിൽ ചേർക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി. | |

ഉപമേഖല - മലയാളം

പ്രവർത്തനം I - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| 1. എല്ലാ കുട്ടികളും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | • അക്ഷര ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദം നിർമ്മാണം<br>• വാക്യ നിർമ്മാണം<br>• ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | 2 മാസം ആ വർഷകാലം | മലയാളം ടീച്ചർ, SRG | |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് ലൈബ്രറി - നവീകരണം. | • 6 മാസം<br>1 വർഷം | വിദ്യാരംഗം ചാർജ്, മലയാളം ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | • ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ. | ആവശ്യാനുസരിച്ച് | മലയാളം ടീച്ചർ | |
| | • സ്കൂൾ ലൈബ്രറി നവീകരണം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | SRG PTA |
| | • റീഡിംഗ് കോർണർ - ഇരിപ്പിട സൗകര്യമൊരുക്കൽ | | | |
| | • വായനോത്സവം | വർഷാവസാനം | | |
| • പത്രവായന പരിപോഷിപ്പിക്കുക. | • പത്രവായന - പരമാവധി പത്രങ്ങൾ - സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 8 മാസം | വിദ്യാരംഗം ഇൻ-ചാർജ് | CROS നാരായണ |
| | • രാവിലെ പ്രധാന വാർത്തകളുടെ അവതരണം | ദിവസേന | ക്ലാസ് ടീച്ചർ | |
| • സർഗശേഷി വികസനം | • വായനാനുഭവം പങ്കുവെയ്ക്കൽ | മാസത്തിലൊരിക്കൽ | SRG | |
| | • രചനാ ശില്പശാല. (കഥ, കവിത) | വർഷത്തിൽ ഒരു തവണ | SRG | |
| | • കവിതാലാപന മത്സരം | 6 മാസത്തിലൊരിക്കൽ | വിദ്യാരംഗം | സ്വദേശാഭിമാനി വായനശാല |
| | • സാഹിത്യകാരന്മാരുമായി സംവദിക്കൽ. | വർഷത്തിലൊരിക്കൽ | വിദ്യാരംഗം | |
| | • അമ്മവായന - ഒരു പുസ്തകം, (വീടുകളിലേക്ക് കുട്ടികൾ വഴി) | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |

# ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം. | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | • വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക. | ജൂൺ 1 മാസം | ഗണിത ടീച്ചർ | PTA SRG |
| | • ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ. | 6 മാസം | ഗണിത ടീച്ചർ | " |
| 2. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | • ഗണിത മൂല, ഗണിത കിറ്റ് എന്നിവ സജ്ജീകരിക്കൽ. ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കൽ | ജൂൺ മാസം | SRG PTA | SRG PTA |
| | • ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ് സജ്ജീകരിക്കൽ, ജ്യാമിതീയ രൂപനിർമ്മാണം - ശില്പശാല | ജൂൺ ജൂലൈ | ഗണിത ടീച്ചർ | SRG |

# ഉപമേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | • ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br>• പരീക്ഷണശാലയിൽ പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | SRG |
| | • സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | • മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് ക്ലാസ് ടീച്ചർ | PTA |
| 3. ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ | • സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ<br>• വള്ളിപ്പടർപ്പുകൾ കൊണ്ട് ജൈവപന്തലൊരുക്കൽ. | 3 മാസം | സയൻസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| 4. സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | • ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രയോജനവും തിരിച്ചറിയുന്നതിന് ഔഷധത്തോട്ടം വിപുലപ്പെടുത്തൽ<br>• എല്ലാ സസ്യങ്ങൾക്കും നാമകരണം | 3 മാസം | സയൻസ് ക്ലബ്ബ്. | SRG<br>PTA |
| 5. നാട്ടുമാവ് സംരക്ഷണം. | • സ്കൂൾ മുറ്റത്തെ നാട്ടുമാവിന് പൂർണ്ണസംരക്ഷണം ഒരുക്കൽ | എല്ലാ ദിവസവും | SRG | |

## ഉപമേഖല - ദിനാചരണങ്ങൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പാഠ്യപ്രവർത്തനമായി സംഘടിപ്പിക്കൽ. | June - march | SRG | |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ - പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നാലാം ക്ലാസിലെ മുഴുവൻ കുട്ടികളും LSS സ്കോളർഷിപ്പ് പരീക്ഷയ്ക്കായി തയ്യാറാക്കൽ | LSS സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ചിട്ടയായ പരിശീലനത്തിലൂടെ കുട്ടികളെ തയ്യാറാക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | - |

## മേഖല - അക്കാദമികം - സാമൂഹികം
## ഉപമേഖല - CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കളും, കുട്ടികളുടെ മികവ്, പോരായ്മകൾ, എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും. | CPTA യോഗം ത്രൈമാസികമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനത്തെളിവുകൾ, എന്നതുപോലെ പഠനോത്സവം ഇടങ്ങളിലൂടെ അവതരണം CPTAയിൽ | 1 വർഷത്തിൽ 3 മാസത്തിലൊരിക്കൽ | SRG, ക്ലാസ് ടീച്ചർ | - |

## ഉപമേഖല - കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിശോധിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ | എല്ലാ ആഴ്ച്ചയിലും ഒരു ദിവസം | ക്ലാസ് ടീച്ചർ | |

## ഉപമേഖല - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപന്നങ്ങൾ ഉണ്ടാക്കൽ ഇതിനായി വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ | അദ്ധ്യയന വർഷത്തിൽ 1 മാസം | SRG | SRG PTA |

# ഉപസംഹാരം

കൊഴുവല്ലൂർ CMS LP സ്കൂളിന്റെ

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കായി വേണ്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികസനമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.

C.M.S.L.P SCHOOL
KOZHUVALLOOR, CHENGANNUR
Date:..........

Aniji. T. George
ANIJI T GEORGE
Headmistress
CMS LP School, Kozhuvallor
PEN:542097